# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 100 | 20.01.14 ൽ - മറുപടിക്ക്

### സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ജോസഫ് വാഴക്കൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ലൂഡി ലൂയിസ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) & (ബി) | രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ കൺവീനറായുമാണ് പഞ്ചായത്ത് തല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക, പഞ്ചായത്തിലെ പൊതുവിതരണ സമ്പ്രദായം സുഗമമായും കാര്യക്ഷമമായും സുതാര്യമായും പരാതി രഹിതമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുക കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതുവിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. |
| (സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ; | (സി) | റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തിരിമറിയും മറ്റും തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകരമാകുന്നുണ്ട്. കൂടാതെ സമിതി യോഗങ്ങളിൽ ഉന്നയിക്കപ്പെടുന്ന പരാതികൾ പരിഹരിക്കാനും കഴിയുന്നുണ്ട്. |
| (ഡി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത്തല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ